കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 28.01.2023 മുതൽ 01.02.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 04/2023,(8) വെള്ളിയാഴ്ച്ച | തീയ്യതി 27/01/2023 |
|---|---|

| 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി: | | | | | | | |
|---|---|---|---|---|---|---|---|
| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
| ( 0.0) | (31.5-33.8) | (20.7-25.0) | (57-79) | (34-49) | (3.2 -9.2) | (3.5-9.9) | (4.0-7.6) |

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| കാലാവസ്ഥാ ഘടകങ്ങൾ | 28.01.2023 | 29.01.2023 | 30.01.2023 | 31.01.2023 | 01.02.2023 |
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 23 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 79 | 79 | 79 | 79 | 79 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 4 | 4 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 250 | 270 | 290 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 5 | 4 | 5 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴയ്ക്ക് സാധ്യത.

| അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം | | | | |
|---|---|---|---|---|
| 2023 ജനുവരി 28 | 2023 ജനുവരി 29 | 2023 ജനുവരി 30 | 2023 ജനുവരി 31 | 2023 ഫെബ്രുവരി 01 |
| മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല | മഴ ഇല്ല |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് മുണ്ടകൻ (കൊയ്ത്തു പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ടു മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകീട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ മരുന്നുതളി പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും. |
| | മണി കറുക്കൽ, ലക്ഷ്മി രോഗം | നെല്ലിൽ 50 ശതമാനം കതിരിടുമ്പോൾ മണി കറുക്കൽ, ലക്ഷ്മി രോഗം എന്നിവ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| വാഴ | പരിചരണം | വാഴകളിൽ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കാൻ 100 ഗ്രാം അയർ ഇട്ടുകൊടുക്കാവുന്നതാണ് |
| കുരുമുളക് | സാവധാന വാട്ടം | കുരുമുളകിൽ കാണുന്ന സാവധാന വാട്ടരോഗത്തെ നിയന്ത്രിക്കുന്നതിനായി കുരുമുളക് ചെടിയുടെ ചുവട്ടിൽ വേപ്പിൻപിണ്ണാക്ക് ഇട്ടുകൊടുക്കുക. കൂടാതെ പീസിലോമൈസെസ് ലൈലാസിനസ് എന്ന മിത്ര ജീവാണുക്കൾ 25 ഗ്രാം വീതം ഓരോ ചെടിയുടെ ചുവട്ടിലും ഇട്ടുകൊടുക്കുക. രോഗം രൂക്ഷമാവുകയാണെങ്കിൽ മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണ് കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |

മൃഗസംരക്ഷണം -: തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കൊതുക് മുട്ടയിട്ടു പെരുകുന്നത് തടയുന്നതിനു വേണ്ട മുൻകരുതലുകൾ എടുക്കുക. (CAADECCS, KVASU, Mannuthy).